പി 1189 /2021

പഞ്ചായത്ത് ഡയറക്ടറുടെ കാര്യാലയം
പബ്ലിക് ഓഫീസ് പി ഓ , 695033 ,
തിരുവനന്തപുരം
0471-2786303 തീയതി : 20.05.2021

**പഞ്ചായത്ത് ഡയറക്ടർ**

**എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും**

സർ,

വിഷയം: പഞ്ചായത്ത് വകുപ്പ് - ഗ്രാമപഞ്ചായത്തുകൾ കൈകാര്യം ചെയ്തു വരുന്ന കൊവിഡ് പ്രവർത്തനങ്ങളും മറ്റു പ്രവർത്തനങ്ങളും ഡോക്യുമെന്റേഷൻ സംബന്ധിച്ച്

സൂചന: 1.

സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകൾ ദുരന്തനിവാരണ പ്രവർത്തനങ്ങളിൽ സജീവമായി ഇടപെട്ടുകൊണ്ട് പ്രവർത്തിച്ചുവരികയാണ്. പ്രളയകാലത്തും കൊവിഡ് കാലത്തും പ്രശംസനീയമായ പ്രവർത്തനങ്ങളാണ് ഗ്രാമപഞ്ചായത്തുകൾ കാഴ്ചവച്ചിട്ടുള്ളത്. ഗ്രാമപഞ്ചായത്തുകളുടെ നേതൃത്വത്തിൽ നടത്തിയ ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ നമ്മുടെ സംസ്ഥാനത്ത് കൊവിഡ് മഹാമാരി നിയന്ത്രിച്ചു നിർത്താൻ സഹായകമായി. ഇതിനായി ഗ്രാമപഞ്ചായത്തുകളിലെ ഉദ്യോഗസ്ഥർ മികച്ച പ്രവർത്തനം കാഴ്ചവച്ചുകൊണ്ടിരിക്കുകയാണ്.

ഗ്രാമപഞ്ചായത്തുകൾ നടത്തിവരുന്ന കൊവിഡ് പ്രതിരോധ പ്രവർത്തനം ഉൾപ്പെടെയുള്ള ദുരന്തനിവാരണ പ്രവർത്തനങ്ങളും മാതൃകാപരമായ മറ്റു പ്രവർത്തനങ്ങളും മാതൃകാപദ്ധതികൾ സംബന്ധിച്ച വിവരങ്ങളും ഡോക്യുമെന്റേഷൻ നടത്തി സൂക്ഷിക്കേണ്ടതുണ്ട്. ആയതിന്റെ ഭാഗമായി ഗ്രാമപഞ്ചായത്തുകൾ നടത്തിവരുന്ന ഇത്തരത്തിലുള്ള പ്രവർത്തനങ്ങളുടെ ഫോട്ടോകളും ആയവ സംബന്ധിച്ച റിപ്പോർട്ടുകളും എല്ലാ ഗ്രാമപഞ്ചായത്തുകളിലും ഡിജിറ്റലായി ഡോക്യുമെന്റേഷൻ നടത്തി സൂക്ഷിക്കുവാൻ നിർദ്ദേശം നൽകേണ്ടതാണ്.

അപ്രകാരം ഡോക്യുമെന്റേഷൻ നടത്തുന്നവയിൽ മാതൃകാപരമായ

പ്രവർത്തനങ്ങളുടെയും നൂതനവും മാതൃകാപരമായതുമായ പദ്ധതികളുടെയും ഫോട്ടോകളും റിപ്പോർട്ടുകളും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറാഫീസുകളിൽ ലഭ്യമാക്കാൻ നിർദ്ദേശം നൽകേണ്ടതുമാണ്. അപ്രകാരം ലഭിക്കുന്നവ പരിശോധന നടത്തി തികച്ചും മാതൃകാപരവും നൂതനമായാവയെന്നും ബോധ്യപ്പെടുന്നവ മാത്രം പഞ്ചായത്ത് ഡയറക്ടറേറ്റിലെ പബ്ലിസിറ്റി വിഭാഗത്തിന് ലഭ്യമാക്കേണ്ടതാണ് . **(അയക്കേണ്ട ഇ-മെയിൽ വിലാസം: prmdp2020@gmail.com).**

ഈ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറാഫീസുകളിൽ ഒരു സെക്ഷൻ ക്ലർക്കിനും ഒരു ജൂനിയർ സൂപ്രണ്ടിനും ചുമതല നൽകേണ്ടതും ചുമതലക്കാരുടെ പേരും മൊബൈൽ ഫോൺ നമ്പറും മേൽപ്പറഞ്ഞ മെയിൽ ഐഡിയിൽ ലഭ്യമാക്കേണ്ടതുമാണ്. ഡോക്യുമെന്റേഷൻ പ്രവർത്തനങ്ങൾക്കായി എല്ലാ ഗ്രാമപഞ്ചായത്തുകളിലും ഒരു സെക്ഷൻ ക്ലർക്കിനെയും ടെക്നിക്കൽ അസിസ്റ്റന്റിനെയും ചുമതലപ്പെടുത്താൻ സെക്രട്ടറിമാർക്ക് നിർദ്ദേശം നൽകേണ്ടതാണ്.

വിശ്വസ്തതയോടെ

എം പി അജിത്കുമാർ

പഞ്ചായത്ത് അഡീഷണൽ ഡയറക്ടർ

പഞ്ചായത്ത് ഡയറക്ടർക്ക് വേണ്ടി